പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4617 | 18/12/2014 ൽ മറുപടിയ്ക്ക്

# പാഠപുസ്തക വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 2013-14 അദ്ധ്യായന വർഷം ഒന്നാം ക്ലാസു മുതൽ പത്താം ക്ലാസുവരെ ആകെ എത്ര പുസ്തകങ്ങൾ അച്ചടിച്ചു ; ആയതിന് ചെലവായ ആകെ തുക എത്ര ; ഇതിൽ എത്ര പുസ്തകങ്ങൾ വിതരണം ചെയ്യാതെ കെട്ടിക്കിടന്നു ; ഇതിൽ എത്ര പുസ്തകങ്ങൾ നശിപ്പിച്ചു ; പ്രസ്തുത പുസ്തകങ്ങൾ എവിടെയെല്ലാമാണ് അച്ചടിച്ചത് ; ഇവർക്ക് എത്ര തുക വീതം നൽകി ; ഇനി എത്ര തുക നൽകാനുണ്ട് ; ആയത് 2014-15 അദ്ധ്യയന വർഷവുമായി താരതമ്യം ചെയ്യുമോ ; വിശദാംശം വ്യക്തമാക്കുമോ ; | (എ) | 2013-14 അദ്ധ്യയന വർഷം 3,03,60,701 പാഠപുസ്തകങ്ങളാണ് അച്ചടിച്ചത്. ഇതിനായി 5,64,40,809 രൂപ ചെലവായി. 2013-14 വർഷം 30,81,927 പുസ്തകങ്ങൾ വിതരണം ചെയ്യാതെ ബാക്കി ഉണ്ട്. ആയവയൊന്നും നശിപ്പിച്ചിട്ടില്ല. അച്ചടിച്ച് വിതരണം ചെയ്യാതെ അധികം വന്ന പുസ്തകങ്ങളുടെ സ്റ്റോക്ക് ബാലൻസ് കെ.ബി.പി.എസ്സിൽ നിന്നും വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും എടുത്തതിനു ശേഷമാണ് ബാക്കിയുള്ള പുസ്തകങ്ങൾക്ക് 2014-15 അദ്ധ്യയന വർഷം പ്രിന്റ് ഓർഡർ നൽകിയിട്ടുള്ളത്. ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ കെ.ബി.പി.എസിൽ ആണ് അച്ചടിക്കുന്നത്. 2013-14 ലെ അച്ചടിക്കായി 5,64,40,809/- രൂപ കെ.ബി.പി.എസിനു് നൽകി. ബാക്കി തുക നൽകാനില്ല . 2014-15 അദ്ധ്യയന വർഷം 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്കായി 3,77,62,596 പുസ്തകങ്ങൾ അച്ചടിച്ചു. ഈ വർഷം 1,3,5,7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറിയതിനാൽ മുൻ വർഷത്തെ ബാക്കി പുസ്തകങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തേതിലും കൂടുതൽ പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. 2014-15 വർഷം 2 കോടി രൂപ കെ.ബി.പി.എസിന് അഡ്വാൻസ് നൽകിയിട്ടുണ്ട്. |
| ബി) 2014-15 അദ്ധ്യയന വർഷം പാഠപുസ്തക വിതരണം യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെല്ലാം ശിക്ഷാ നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകുമോ ; | (ബി) | 2014-15 അദ്ധ്യയന വർഷം ഇന്റൻഡ് ചെയ്തതനുസരിച്ചുള്ള പാഠപുസ്തക വിതരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | 2014-15 അദ്ധ്യയന വർഷം പാഠപുസ്തകവിതരണം യഥാസമയം നടത്താനായി എത്ര ഉന്നതതല യോഗങ്ങൾ കൂടി ; എന്തു നടപടി സ്വീകരിച്ചു ; ഇതിന് എത്ര തുക ചെലവായി ; വിശദാംശം വ്യക്തമാക്കുമോ ? | (സി) | മൂന്ന് മന്ത്രിതല യോഗങ്ങളും പൊതു വിദ്യാഭ്യാസ സെക്രട്ടറി തലത്തിൽ നിരവധി യോഗങ്ങളും ചേരുകയുണ്ടായി. സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തീകരിച്ച് വിതരണം നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയുണ്ടായി. യോഗ നടത്തിപ്പിനായി പ്രത്യേക ചെലവുകളൊന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ